**റിപ്പോർട്ടുകളുടെ സമർപ്പണം**

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സാധാരണഗതിയിൽ ലോക്സഭയിലാണെങ്കിലും സംസ്ഥാന നിയമസഭകളിലാണെങ്കിലും ബഡ്ജറ്റ് അവതരിപ്പിച്ചുകഴിഞ്ഞാൽ പിന്നെ ഒരു നടപടിക്രമവും ഉണ്ടാകാറില്ല. അതാണ് കീഴ്വഴക്കം. അങ്ങ് അത് തെറ്റിക്കരുത്. ഇന്നുവരെ കേരള നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിച്ചുകഴിഞ്ഞാൽ അതിനുശേഷം ഒന്നും ഉണ്ടാകാറില്ല. പുതിയ പുതിയ കീഴ്വഴക്കങ്ങൾ ഉണ്ടാക്കി ചട്ടങ്ങളും നടപടിക്രമങ്ങളും തെറ്റിക്കരുത്.

മി. സ്പീക്കർ: നമ്മൾ ബി.എ.സി.-യിൽ കൂടിയാലോചിച്ച് എടുത്ത ഒരു തീരുമാനമാണിത്. ചില പ്രത്യേക സാഹചര്യത്തിൽ 11-02-2020-ന് സഭ പരിഗണിക്കേണ്ട ബില്ലുകൾ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ ഇന്നുതന്നെ സഭയിൽ വരണമെന്നുള്ളതുകൊണ്ട് ബി.എ.സി.-യിൽ സംയുക്തമായി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് അത് ഉൾപ്പെടുത്തിയത്. ദയവായി അത് മനസ്സിലാക്കണം. ചെയറിന്റെ ഭാഗത്തുനിന്നും നടപടിക്രമങ്ങൾ ലംഘിച്ചതല്ല. സാഹചര്യങ്ങളുടെ അത്യാവശ്യകത കൊണ്ട് സംഭവിച്ചതാണ്.

(i) 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി)ബിൽ
(ii) 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച ഒൻപതാം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

(iii) 2020-ലെകേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ സംബന്ധിച്ച പതിനാലാം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

ഓർഡർ.......ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2020 ഫെബ്രുവരി മാസം 10-ാം തീയതി രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ രാവിലെ 11.40 ന് പിരിഞ്ഞു.)